
# കേരള
# പ്രൈവററ് കോളേജ് ടീച്ചർ

## AKPCTA

ജേർണൽ 1982 ജനുവരി

# എ. കെ. പി. സി. ടി.
# വെൽഫയർ ട്രസ്ററിൽ നിന്നും ധനസഹായം



പ്രൊഫ. നാരായണൻ പോററിയുടെ കുടുംബത്തിന് വെൽഫയർ ട്രസ്റ്റിൽ നിന്നും നൽകുന്ന സഹായധനമായ പതിനായിരം രൂപയുടെ ചെക്ക്, കേരളാ യൂണിവേർസിററി വൈസ്ചാൻസലർ ഡോ. എ. വി. വർഗീസ് ബ്രാഞ്ച് സെക്രട്ടറിയെ ഏൽപ്പിയ്ക്കുന്നു. സംഘടനാ പ്രസിഡൻറ് പ്രൊഫ. പി. രവീന്ദ്രനാഥ്, മുൻമുഖ്യമന്ത്രി ശ്രീ. പി. കെ. വാസുദേവൻ നായർ എന്നിവരാണ് സമീപം.

ആലപ്പുഴ എസ്. ഡി. കോളേജിൽ സേവനം അനുഷ്ഠിക്കവേ അന്തരിച്ച കോമേഴ്സ് പ്രൊഫസർ എം. നാരായണൻ പോററിയുടെ കുടുംബത്തിന് സംഘടനയുടെ ക്ഷേമനിധിയിൽ നിന്നുള്ള സഹായധനമായ പതിനായിരം രൂപ 5.1.82 ൽ കോളേജ് ഓഡിറേറാറിയത്തിൽ നടന്ന ഒരു ചടങ്ങിൽ വച്ച് കേരളായൂണിവേഴ്സിററി വൈസ് ചാൻസലർ ഡോ. എ വി. വർഗീസ് സംഘടനയുടെ എസ്. ഡി. കോളേജ് ബ്രാഞ്ച് സെക്രട്ടറി പ്രൊഫ. സി ആർ. മോഹനൻനായരെ ഏൽപിച്ചു. എ കെ. പി. സി. ടി. എ പ്രസിഡൻറ് പ്രൊഫം പി. രവീന്ദ്രനാഥ് അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ മുൻമുഖ്യമന്ത്രി ശ്രീ. പി. കെ. വാസുദേവൻനായർ, ആലപ്പുഴ മുൻസിപ്പൽ ചെയർമാൻ ശ്രീ. വി. കെ. സോമൻ, സിൻഡിക്കേററ് മെമ്പർ പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, സെൻറ്ജോസഫ്സ് കോളേജ് പ്രിൻസിപ്പൽ സിസ്ററർ ജോസഫീൻ ഡി മെലോ, കോളേജ് യൂണിയൻ ചെയർമാൻ ശ്രീ. ആർ ഹരികുമാർ എന്നിവർ സംസാരിച്ചു ജനറൽ സെക്രട്ടറി പ്രൊഫ. എൻ. എം. ജോസഫ് സ്വാഗതവും പ്രൊഫ. സി. കെ. രേതവർമ്മ കൃതജ്ഞതയും പറഞ്ഞു. യോഗത്തിൽ ധാരാളം അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തിരുന്നു.

*Kerala*
*Private College Teacher*

*Monthly journal of*
*A. K. P. C. T. A.*

R. No. M-36025/81
Regd. No. KL/TV(N) 237

നമ്പർ :34

ജനുവരി 1982

വില:
ഒററപ്രതി–75 പൈസ
വാർഷികവരിസംഖ്യ–7.50 രൂപ

പത്രാധിപസമിതി:

പി. രവീന്ദ്രനാഥ്
എൻ. എം. ജോസഫ്
എൻ. ഭാർഗവൻ
വി. നാരായണൻകുട്ടി
ജി. മാധവൻ നായർ
എം. ആർ. ചന്ദ്രശേഖരൻ
വി. എൻ മുരളി
(ചീഫ് എഡിററർ)

# ഒത്തുതീർപ്പു വ്യവസ്ഥകൾ ഉടൻ നടപ്പിലാക്കുക

കഴിഞ്ഞ പണിമുടക്കു സമരത്തോടനുബന്ധിച്ച് കോളേജധ്യാപക സംയുക്ത സമരസമിതിയുമായി ഗവൺമെൻറുണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കി കിട്ടാനായി ഇനിയും കാത്തിരിക്കാൻ അധ്യാപകർ തയ്യാറല്ല. '82 ജനുവരി 3 ന് എറണാകുളത്തു കൂടിയ എ. കെ. പി. സി. ടി. എ. സംസ്ഥാന കൗൺസിൽ പുതിയ വിദ്യാഭ്യാസ മന്ത്രിയുമായി ചർച്ചകൾ നടത്തുന്നതിനും പ്രശ്നം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ സമര മാർഗ്ഗങ്ങൾ ശക്തമായി തുടരുന്നതിനും തീരുമാനിച്ചു. ഗവൺമെൻറിൻെറ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകുന്നതിനായി ഇതിനകം തന്നെ പല തവണ സെക്രട്ടറിയേററു പടിക്കൽ കൂട്ട ധർണകളും പ്രതിഷേധപ്രകടനങ്ങളും സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. എത്രയും പെട്ടെന്നു തന്നെ പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതാണെന്ന് കഴിഞ്ഞ നിയമസഭയിൽ വിദ്യാഭ്യാസമന്ത്രി ഉറപ്പു തരികയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെപരിഹാരമുണ്ടായിട്ടില്ല. മന്ത്രിസഭാപതനത്തിനു ശേഷം വന്ന ഗവർണർ ഭരണകാലത്തും ഒത്തുതീർപ്പു വ്യവസ്ഥകൾ എത്രയും പെട്ടെന്നു നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പലതവണ നിവേദനങ്ങൾ നടത്തി. ഇപ്പോൾ പുതിയ മന്ത്രിസഭയുടെ മുമ്പിലും ഈ ആവശ്യം ഉന്നയിയ്ക്കുകയാണ്.

ആറുമാസത്തിനകം നടപ്പിലാക്കേണ്ട ഗവൺമെൻറ് തീരുമാനം മറെറാരാറുമാസം കൂടി ആയാലും നടപ്പിലാക്കുന്നില്ലെങ്കിൽ സമരമല്ലാതെ വേറെ മാർഗ്ഗമില്ല. അത്തരമൊരു സമരം, വിദ്യാർത്ഥികളുടെ പരീക്ഷ അടുത്തിരിയ്ക്കുന്ന ഈ അവസരത്തിൽ ക്ഷണിച്ചു വരുത്താതെ എത്രയും പെട്ടെന്നു തന്നെ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കണമെന്ന് ഗവൺമെൻറിനോട് ഞങ്ങൾ അഭ്യർത്ഥിയ്ക്കുന്നു. □

# PROMOTION OF CREATIVITY

N. S. Srigiri Nath

A teacher is one who can teach what he knows. He becomes a better teacher when he can teach how to know. If a fish is given to a hungry man the problem of a day is solved by the donor. If fishing is taught to the hungry the problem of life of the hungry person will be solved. A teacher must have the mastery of the subject he wants to teach. That is essential. But at the same time he should have the openness of mind to know of any other aspect of the known matter. The phenomenon is something like the two pans of the common balance. Both the known and to be known are equally important. When the desire for the two is found in equal measure in a person he may be termed as suitable to the task of a teacher. Perhaps it was this point which made Dr. S. Radhakrishnan call upon teachers to be conscientious doubters. These two aspects–mastery of the subject and readiness to view it in a newer way-are not opposing. They supplement each other. For this outlook, creativity is essential.

The aspect of knowing the known in an everchanging set of circumstances has gained great importance in the fast changing society of the present day. We cannot satisfy ourselves with a set of values derived from the older generation. A time has come to view the known values. traditions and customs and try to interpret them to suit the present needs. Mere sticking on to the old will not take us far and the stage is equally reached when the situation becomes stagnant. This is true not merely in the field of ethics but also in the field of arts, science and calture. Hence a teacher dealing with high school and primary school children needs to be creative. Meretransfer of knowledge does not absolve him of his responsihility as a teacher. A creative teacher knows that what is taught should not be imbebed blindly but with the aim of enriching the competence of the pupil towards opportunities of the future. A teacher is not an omniscient person. Textbooks are not infallible A thing or a fact is accepted not because we know everything about it but because we do not know anything contrary to it at present. One should have the openness of mind to collect material for its improvement. This is called creativity. The following example taken from science map not be out of place to make the proposition clear.

Dr. John Bardeen, Dr. Leon Cooper and Dr. John Shrieffer proposed a theory of superconductivity of materials in 1957. These three American scientists won the Nobel Prize for Physics for this contribution in 1972. The scientific world took notice of the theory tested its authenticity and conducted expriments bassed on the theory It is seen that the Nobel Prize was given after fifteen years. Generarly it will not be wrong to take it as authoritative, But nothing prevented the scientific personnel to have a further look at the theory. Three Indian physicists, Dr. S. N. Ekbote, Dr. S. K Gupta and Dr. A V. Narlikar have postulated a new theory quite different from the eariler one. It is enough if one recognises that this attitude to view both the known and.the unknown aspects from time to time is very important in all matters of life. Teachers should promote this attiude in their puplis, whether they teach science, humanities or any other subject for that matter.

(Hindu)

The Indian Teachers' Organisations participating in the International Seminar on Status and Service conditions of Teachers of South East Asian Countries held at Cuttack in December 1980 under the joint auspices of FISE and AOFTO issued a joint declaration at the end of the seminar.

In this Cuttack declaration the Organisations accepted the orientation of teachers' movement as enunciated by FISE expressed the desire for unification of Indian Teachers' Movement, asked the FISE-affiliated Indian Organisations to take initiative in this matter and elected Prof. Abani Kumar Boral, the convener for a future initiative.

charter demands, adopt necessary cours of action to be pursued and take such other decisions as may be found necessary. All decisions of the committee will be taken on basis of consensus.

All the Organisations which accept the formulations of the Cuttack declaration and which agree to the present Hyderabad declaration will be members of this committee. Teachers' organisations which in future may take similar position may join as members of this committee. with equal rights and privileges.

The seminar suggests the following as the National charter on demands of Indian Teachers.

## Unification of Indian Teachers' Movement

Thanks to the hospitality of FAPTO and FAPCTA for this initiative in the form of the present seminar could be held at Hyderabad.

The seminar opines that a united forum of Indian Teachers' be formed, that it be called the National coordination committee of Indian Teachers' Organisation and that this committee be constituted with one representative from each state organisations and two representatives from each National Organisation with equal rights and privileges. The seminar further opines that Prof. Abani Kumar Boral, Vice President of FISE be elected convener of this commitee. The convener shall call meetings of this committee with adequate notice to each constituent and such meetings will formulate the common

1. Introduction of a Secular, democratic scientific, socialist system of Education, linked with work and people.
2. Implementation of UNESCO ILO charter on Teachers' status and ILO recommendation.
3. Increment of budgetary allocation on Education up to 10% of the national budget and plan expenditure on education.
4. Civic, Political and T. U. rights to teachers.
5. Consultative status to Teachers' organisation in all policy making bodies at state and centre levels.
6. Statutory security of service to all categories of Teachers' and Educationl workers.

7. Direct payment through Bank/treasury to all sectors of teachers and educational workers.
8. Abolition of Private management, and democratic administraton of educational institutions, and introduction of a common school syatem with neighbourhood admission policy.
9. Immediate implementation of free and comoulsory education up to X Year schooling.
10 Formation of School Grants Commission for Primary and Secondary Teachers' & Employees.
11. Restructuring the syllabi and content of tevt books at all levels. to suit a scientific secular system of education keeping in view the rapid changes taking place in the modern day world.
12. National pay structure for all sectors of teachers and employees, with provisiions for revising it every five years in relation to rise in price level and timely point to point movement of DA.

The seminar suggests that on the basis of the above demands the NCOCITO take up programme of organising a massive demonstration before parliament during... its coming winter session and met the Prime Minister and all the powers that be and take such other States as are deemed conducive to gain the above mentioned charter.

The seminar calls upon all the Indian Teachers' Organisations whether at the national or at the state level functioning at different sectors of education to join this national united common forum of Indian Teachers NCOCITO and march ahead to the joint struggle of Indian Teachers' for achievement of the common national charter of demands of the Indian Teachers'.

## Resolution on ESMO'81

This seminar notes with grave concern the promulgation of the Essential Services Maintenance Ordinance, 1981, known as ESMO'81 by the president of India on the recommendation of the central cabinet only a few weeks before the session of the parliament.

This ordinance is meant to be used against legitimate and democratic Trade Union movement of the workers and Employees all over the nation, as MISA was used against democratic movement of the country.

This seminar recalls the events leading to the Hospital and Educational Institution Bill introduced by the Janata Government for the same purpose.

There are provisions in the ordiance ESMO'81 to extend its operation to any sphere of services which the government may consider to be essential. This convention has no doubt that this ordinance will be used aginst the Education movement as well. This seminar therefore demands, the immediate withdrawal of ESMO '81.

This convention recalls the heroic united fight of the Teachers and Educational Employees along with the working class against the Hospital & Educational Institutions Bill.

This seminr while vehemently opposing this ordinance, the seminar demands its immediate withdrawal and calls upon all Teachers and Educational workers to raise their united voice against this new repressive measure, organise public opini-

(*Contd ...... page 8*)

# Proceedings of Lok Sabha Debate on Higher Education

Prof. Satyasadhan Chakraborty. M. P

Prof. Satyasadhan Chakraborty: Previously, I was under the impression that there was no Education policy of the Central Government. But I am glad to hear from the Hon. Minister that now they have an education policy. She was very kind enough to say that one aspect of the policy is to see that there is no further expansion in the field of higher education. She was very glad to say that the student population in our universities and colleges have come down and that this is one of the greatest achievements of our education policy. Considering the population of our country, do you think that the present number of universities is enough? Do you think that the number of students who are now studying in colleges and universities, is enough? Considering the vastness of our country and population and considering the student population in certain developing and developed countries, do you think that there is much scope for expansion in higher education?

If you want to improve the standard of education, it is accepted by all that the salary scales of the teachers should compare favourably with that of the class I IAS officers or other officers in the Central Government.

It is because of our bitter struggle that we teachers launched that our Salary scales were revised in 1973. And there was an agreement that every five years, because of the rise in prices the salary scales of the teachers would be revised.

Secondly, what is the policy of the Government regarding the upward revision of the sclary scales of the college and University teachres, which is the responsibility of the University Grants Commission? Thirdly, the teachers should have a say in the decison making process in the University. Is the Central Government contemplating democratisation of the management of the Universities to have more say for the teachers in the decision-making Process ?

Mr. Deputy- Speaker: I think the Senate or Syndicate is doing that.
Shri Satyasadhan Chakraborty: Then, you say you want to increase the number of autonomous colleges. We are wholly against it. The teachers of India, irrespective of their political colour, have said that we are against it. You are going to create some privileged institutions for privileged persons, depriving a majority of the institutions of money, of assistance. This is undemocratic. It will help only a microscopic section of our society and a greater part will be neglected. Are you going to give up this policy, which has been opposed by the teaching community everywhere? Lastly, what is the percentage of money you spend on education? It is only a little more than 3 per cent of the Central budget. Even the Central Government have agreed that 10 per cent should be ear-marked for education. Are you going to increase the expenditure on education, because education

in the cheap is the falsest of false ideals? I would like to have pointed answers to all the questions I have raised.

Mr. Deputy-Speaker: These questions are from the Professor himself. He has put very important questions.

Shri Vijay Kumar Yadav: Sir, he wants the universities made in the House. That is the trouble.

Mr. Deputy–Speaker: He exhibits his class character.

Shrimati Sheila Kaul: For the information of the Hon. Member I would like to say that there should be no expansion There should not be undue and unbalanced expansion of higher educational institutions. This is what I said, I said that we wanted to have quality and not quantity and I think the Hon. Member will agree with this that what we need is quality now.

**(Interruptions)**

Shri Satyasadhan Chakraborty: Do you mean to say that the quality and quantity-these two things are mutually exclusive? These two things are not mutually exclusive that if we want to have quality we will have to give up quantity. They are not exclusive, they can go together.

Shrimati Sheila Kaul: How can they go together? For instance, you have in a family a little girl who is an artist and who does singing. She will get a better chance if she is a good artist. How can you expect, all the children singing in the same way? it cannot be the same, I mean, quality and quantity.

About the scale of pay, I would like to inform the Hon. Member, this is implementation of U. G. C. scale for teachers from 1973. The salary scales compare favourably with those in the Government offices.

Shri Satyasadhan Chakraborty: Whether you are considering the revision of the salary (*interruptions*). Say yes or no. Either you say that you are not thinking of the revision of salary. (*interruptions*) Anything, you may say.

Shrimati Sheila Kaul: All the teachers and the employees, everybody who work for the Government, for the society, we are always at their service to help them. How can I say that we are not thinking on these lines?

(Teachers' Movement)

---

*(......Contd from page 6)*

on against ESMO'80 and to build united movement with all sections of the working poeple, for this purpose.

**Conclusions of the National Services on Education and Economy held at Hyderabad on 30th Augest'81**


The All India Seminar on Education and Economy held on 30th August'81 at Hyderabad considered the document discussed by the World Teachers' Congress held on the occasion of 12th Statutory Conference of FISE at Budapest in 1981 and also the conculsion thereof. This seminar had the benefit of considering 3 other papers and hearing 27 speakers who participated in the discussion.

The siminar generally agrees with the conclusions arrived at the international seminar. The seminar is of the opinion that the major task before the Indian Teachers' movement is to study Indian

# അധ്യാപകർ ക്ലാസ്സ്മുറികളിൽമാത്രം ഒതുങ്ങരുത്

പ്രൊഫ. കെ. എ. ജലീൽ
വൈസ് ചാൻസ്ലർ, കോഴിക്കോട് സർവ്വകലാശാല

വ്യക്തമായ സാമൂഹ്യ ബോധം അധ്യാപകനുണ്ടായാൽ മാത്രമേ വിദ്യാർത്ഥികളോടും സമൂഹത്തോടുമുള്ള കടമ നിറവേററാൻ സാധ്യമാകൂ എന്ന് പ്രൊഫ. കെ. എ. ജലീൽ അഭിപ്രായപ്പെട്ടു. 'അധ്യാപകന് വിദ്യാർത്ഥികളും സമൂഹവുമായുള്ള ബന്ധം' എന്ന വിഷയത്തെ ആസ്പദമാക്കി എ. കെ. പി. സി. ടി. എ. കോഴിക്കോട് ജില്ലാക്കമ്മിററി സംഘടിപ്പിച്ച രണ്ടു ദിവസത്തെ പ്രവർത്തക ക്യാമ്പ് ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മലബാർ ക്രിസ്ത്യൻ കോളേജിൽ 1981 ഡിസംബർ 12, 13 തീയതികളിൽ നടന്ന ക്യാമ്പിൽ ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നായി നാൽപത് അധ്യാപകർ പങ്കെടുത്തു. ഉത്ഘാടന യോഗത്തിൽ ജില്ലാപ്രസിഡൻറ് പ്രൊഫ. കോയാട്ടി അധ്യക്ഷത വഹിച്ചു. നമുക്കുചു



എ. കെ. പി. സി ടി. എ. കോഴിക്കോട് ജില്ലാക്കമ്മിററി സംഘടിപ്പിച്ച രണ്ടുദിവസത്തെ പ്രവർത്തക ക്യാമ്പ് വൈസ് ചാൻസ്ലർ പ്രൊഫ. കെ. എ. ജലീൽ ഉത്ഘാടനം ചെയ്യുന്നു

(ശേഷം 15-ാം പേജിൽ)

---

Economy and the Indian Education system in great depth and find relevance of many of these conclusion in that context. The seminar recommends that all the Indian Teachers' Organisations participating at this seminar undertake this work in their on areas. By this many more new formulations may emerge, others enriched and improved upon, and some may be modifed in consideration. of the specifies of the Indian Situation.

The seminar recommends to the united leadership of Indian Teachers' organisations to take initiative after such a course of study to organise another national seminar on Education and Indian economy from which a concrete useful guide to action may be available.

Through wide ranging discussion against the Indian context the some tentative conclusions were arrived at by the seminar. (Teachers' Movement) ○

# RESOLUTION ON THE RECOMMENDATIONS OF THE ALL INDIA EDUCATIONAL SEMINAR ON MANAGEMENT SYSTEMS IN COLLEGES HELD ON 27, 28 DECE: 1981 AT MACHILI PATANAM, A. P.

The seminar, after the presentation of a dozen written papers, observations made by eminent academicians, legislators and teacher leaders from all over India, followed by a thorough and thread-bare discussion, came to the following consensus conclusions about the problem of management of colleges in India:

(1) The primary responsibility for the 'education' of the citizens is that of the state and as such private individuals and organisations have no role to play in its management, more particulary because the total financial burden is borne by the states and the central government. The private managements not only derive huge financial benefits by indulging in malpractices but also derive sadist pleasure by perpetrating atrocities on all sections of the academic community, namely, students, teachers and non-teaching staff. As such, the private management should be immediately stopped from meddling with education by disallowing them to establish and administer educational institution of higherlearning. Whatever, role such management might have played in the pre-independence days in spreading education and awarenese in the country, it has not only outlived its limited utility but has, thanks to its widespread corrupt and fradulent practices, forfeited its right to administer education.

(2) The process of abolition of private management from the field of higher education need not be, as has been suggested by some interested political and vested insterests, a gradual and piecemeal one in which 'sick' institutions, are taken over first and the so called 'good' ones later or never. In fact, the manner in which the state of Bihar has removed the private management from the scene of education at one stroke, was appreciated and lauded and it was demanded that the Bihar 'expriment' be extended to other states of the country as well.

(3) As for the alternative methods for governance of colleges and institutions of higher learning, it was generally accepted that state take-over was no solution, since the record of government—run institutions also is no better than that of private managers.

(4) As such, it was suggested and accepted that at the present juncture 'universitisation' of colleges or organising of eolleges under democratically constituted atuonomous boards was not only desirable but necessary. The House was aware of the fact that universitisation partly meant 'centrslisation' but wanted it, because this centralisation would amount to uniformity of standardsin academic as well administrative functioning of the institutions.

(5) All colleges after universitisation should be brought under a two-tier system of management, i. e., two kinds of bodies should administer the colleges or college-clusters. The first may be a nore broad-based advisory council, having nearly 50%

(Cond...... Page 23)

# സംസ്ഥാന കൗൺസിൽ പ്രവർത്തകസമിതി യോഗങ്ങൾ

പ്രവർത്തക സമിതി യോഗം ജനുവരി 2-ന് വൈകുന്നേരം 9-നും സംസ്ഥാന കൗൺസിൽ യോഗം 3.ന് രാവിലെ 10.30.നും എറണാകുളം ഹോട്ടൽ എംമ്പസ്സിയിൽ സംഘടനാ പ്രസിഡൻറ് പ്രൊഫ: പി. രവീന്ദ്രനാഥിൻെറ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസിഡൻറ് ആമുഖ പ്രസംഗത്തിൽ ഗവർണ്ണറുടെ ഉപദേഷ്ടാവിനെ കണ്ട് മെമ്മോറാണ്ഡം നൽകുകയും ചർച്ച നടത്തുകയും ചെയ്ത വിവരവും അടുത്തകാലത്തെ സമരപരിപാടികളും വിശദീകരിച്ചു.

ചേളന്നൂർ എസ്. എൻ. ജി. കോളേജിലെ ഇംഗ്ലീഷ് പ്രൊഫസ്സറും നമ്മുടെ സംഘടനയിലെ സജീവ പ്രവർത്തകനുമായിരുന്ന ടി. എം. ദേവസ്യായുടെ അകാല നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തികൊണ്ടാണ് സംസ്ഥാന കൗൺസിൽ യോഗം ആരംഭിച്ചത്.

ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പാക്കുന്നത് സംബന്ധിച്ചു് വിദ്യാഭ്യാസ മന്ത്രിയുമായി ചർച്ച ചെയ്യുന്നതിനും പ്രശ്നങ്ങൾ പരിഹൃതമാകാതെ വന്നാൽ സമരമാർഗ്ഗങ്ങൾ തുടരുന്നതിനും തീരുമാനിച്ചു. ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പാക്കി കിട്ടുന്നതിന് വേണ്ടിവന്നാൽ ശക്തമായ സമരം സംഘടിപ്പിക്കണമെന്ന് പല അംഗങ്ങളും ആവശ്യപ്പെട്ടു.

എസ്. എൻ. കോ–ഓർഡിനേഷൻ കൗൺസിലിൻെറ സെക്രട്ടറി ശ്രീ എൻ. ശിവരാജനെ നാട്ടികയിൽ നിന്ന് കണ്ണൂർ എസ്. എൻ കോളേജിലേയ്ക്ക് സ്ഥലംമാററിയതിനെ പ്രവർത്തകസമിതി പ്രതിഷേധിച്ചു. തിരുവനന്തപുരം സ്വദേശിയായ ശ്രീ. ശിവരാജൻ സർവ്വീസിൻെറ ഏറിയപങ്കും മലബാർ ഭാഗത്തായിരുന്നു. സംഘടനാപ്രവർത്തകരെ അകാരണവും അനാവശ്യവുമായി അനവസരത്തിൽ അസൗകര്യപ്രദമായി സ്ഥലംമാററുന്ന പ്രവണത അവസാനിപ്പിക്കണമെന്നും അല്ലെങ്കിൽ ഗുരുതരമായഭവിഷ്യത്തുകൾ ഉണ്ടാകുമെന്നും പ്രവർത്തക സമിതി മുന്നറിയിപ്പു നൽകി.

സ്ഥലം മാററങ്ങൾക്ക് ന്യായമായ മാനദണ്ഡങ്ങളുണ്ടാകണമെന്നും നിയമനാംഗീകാരം മുതലായവ സംബന്ധിച്ചുള്ള രേഖകൾ സർവ്വകലാശാലാധികൃതർക്ക് നൽകുന്നതിൽ കുററകരമായ കാലതാമസം വരുത്തുന്നതിൽ പ്രതിഷേധിച്ചും എസ്. എൻ. ട്രസ്ററാഫീസിനു മുൻപിൽ (കൊല്ലം) 16–1–82നും എൻ എസ്.എസ്. ഹെഡ്ഓഫീസിനു മുൻപിൽ 23.1.82നും നടത്തുന്ന ഉപവാസ സത്യഗ്രഹം വിജയിപ്പിക്കുവാൻ തീരുമാനിച്ചു. ഈ സത്യഗ്രഹ പരിപാടികളുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി കൊല്ലത്ത് പ്രൊഫ: എൻ ഭാർഗ്ഗവൻ, എൻ ശിവരാജൻ, കൊല്ലം ജില്ലാ സെക്രട്ടറി എന്നിവരുടെ ചുമതലയിലും; ചങ്ങനാശ്ശേരിയിൽ പ്രൊഫ: പി. എസ്. പണിക്കർ, ആർ. രവീന്ദ്രൻനായർ, ടി. സി. ഇമ്മാനുവേൽ എന്നിവരുടെ ചുമതലയിലും വേണ്ട ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.

കോർപ്പറേററ് മാനേജുമെൻറുകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് സത്യഗ്രഹ പരിപാടികളെങ്കിലും സംഘടന ഇന്ന് നേരിടുന്ന വളരെ ഗൗരവമുള്ള ഒരു പ്രശ്നമായതുകൊണ്ട് എല്ലാ അംഗങ്ങളും ഇതു വിജയിപ്പിക്കുന്നതിന് വേണ്ടി പരമാവധി ശ്രമിക്കേണ്ടതാണ്. കോർപ്പറേററ് മാനേജുമെൻറുകളിൽ ജോലിചെയ്യുന്ന എല്ലാ അംഗങ്ങളും കൂടാതെ, ദക്ഷിണമേഖലയിലെ എല്ലാ അംഗങ്ങളും ഈ സത്യാഗ്രഹ പരിപാടികളിൽ പങ്കെടുക്കേണ്ടതാണ്. കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന കാര്യത്തിൽ യൂണിററ് സെക്രട്ടറിമാർ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

(ശേഷം 16–ാം പേജിൽ)

# കോർപ്പറേററ് മാനേജ്മെൻറുകളും കോളേജധ്യാപകസ്ഥലം മാററങ്ങളും

ഡോ. പി. എസ്. പണിക്കർ

എൻ. എസ്. എസ്., എസ്. എൻ. ട്രസ്ററ്, എം. ഇ. എസ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചീൻ ദേവസ്വം ബോർഡ്, തൃശ്ശൂർ സി. എം. സി. മാനേജ്മെൻറ് എന്നിവയാണ് കേരള സംസ്ഥാനത്തു സ്വകാര്യ കോളേജുകഠം നടത്തുന്ന കോർപ്പറേററ് മാനേജുമെൻറുകഠം. ഇതിൽ പ്രമുഖ കോർപ്പറേററ് മാനേജുമെൻറുകളായ എൻ. എസ്. എസ് ന് തെക്ക് നെയ്യാററിൻകര മുതൽ വടക്ക് മട്ടന്നൂർ വരെ 14-ഉം, എസ്. എൻ. ട്രസ്ററിന് കണ്ണൂർ മുതൽ ചെമ്പഴന്തി വരെ 12–ഉം ആർട്സ് ആൻറ് സയൻസ് കോളേജുകളുണ്ട്. ഈ രണ്ട് മാനേജുമെൻറുകളുടെ കീഴിലായി 2500 ഓളം അധ്യാപകർ പണിയെടുക്കുന്നു. കേരളത്തിലെ പ്രൈവററ് കോളേജ് ജീവനക്കാർക്ക് ഇന്ന് മൂന്ന് മാസ്റ്റർമാർ– മാനേജ്മെൻറ്, യൂണിവേഴ്സിററി, ഗവർമെൻറ് –ഉണ്ട്. നിയമനഅംഗീകാരം നൽകുന്നത് യൂണിവേഴ്സിററിയും ശമ്പളം നൽകുന്നത് ഗവർമെൻറും ആണെങ്കിലും ഇവരുടെ മേൽ സൃഷ്ടി സ്ഥിതി–സംഹാര അംഗീകാരങ്ങളുള്ളത് മാനേജ്മെൻറുകഠംക്ക് മാത്രമാണ്. കേരളത്തിലെ പ്രത്യേക രാഷ്ട്രീയ,സാമൂഹ്യ ചുററുപാടുകളിൽ ഈ രണ്ട് മാനേജുമെൻറുകഠംക്കും പ്രബലമായ സ്വാധീനമുണ്ട്. യൂണിവേഴ്സിററികഠംക്കോ, ഗവർമെൻറിനോ ഫലവത്തായ ഏന്തെങ്കിലും സാമൂഹ്യ നിയന്ത്രണം ഇവയുടെ മേൽ കൊണ്ടുവരുന്നതിന് ഇതേവരെ കഴിഞ്ഞിട്ടില്ല.

## അദ്ധ്യാപക നിയമത്തിലും വിദ്യാർഥിപ്രവേശനത്തിലും അഴിമതി

1972–ൽ കേരളഗവർമെൻറ് മാനേജുമെൻറുകളുമായുണ്ടാക്കിയ ഡയറക്ട് പേമെൻറ് ഉടമ്പടിപ്രകാരം പ്രൈവററ് കോളേജുകളിലെ അദ്ധ്യാപകർക്ക് ഗവർമെററിൽ നിന്നും നേരിട്ടാണ് ശമ്പളം നൽകുന്നത്. ഫീസേകീകരണത്തെത്തുടർന്ന് മാനേജ്മെൻറുകഠം ഫീസ് വിദ്യാർഥികളിൽനിന്നും ശേഖരിച്ച് ഗവൺമെൻറിൽ അടയ്ക്കുന്നു. കോളേജുകളുടെ ദൈനദിന പ്രവർത്തനങ്ങഠംക്ക, അററകററപ്പണികഠംക്കും. ലൈബ്രറി, ലബോറട്ടറി, കായികവിഭാഗ ചെലവുകഠംക്കുമായി നിശ്ചിത സംഖ്യ ഗ്രാൻററായി വർഷംതോറും മാനേജുമെൻറുകഠംക്ക് ലഭിക്കുന്നു. എല്ലാററിനും പുറമെ വികസന പ്രവർത്തനങ്ങഠംക്ക് വേണ്ടി യൂണിവേഴ്സിററി ധനകാര്യകമ്മീഷനിൽ നിന്ന് കോടിക്കണക്കിന് രൂപ ഇവർ കൈപ്പററുന്നു. ഉന്നത വിദ്യാഭ്യാസത്തെ ഭദ്രമാക്കാൻവേണ്ടി ഇത്ര ബൃഹത്തായ സംവിധാനമെല്ലാം ഉണ്ടെങ്കിലും ഈ രംഗത്ത് പ്രവർത്തിക്കുന്നവർ കാണുന്നത് മറെറാരു ചിത്രമാണ് . ഗവർമെൻറുമായുണ്ടാക്കിയ കരാർവ്യവസ്ഥകളെ കാററിൽ പറത്തികൊണ്ട്. പിടിഅരിവാങ്ങിയും, ഉൽപ്പന്നപ്പിരിവ് നടത്തിയും അദ്ധ്യാപകരുടെ അദ്ധ്വാനശേഷികൊണ്ടും കെട്ടിപ്പൊക്കിയ ഈ കലാലയങ്ങളുടെ നടത്തിപ്പിന് എന്ന വ്യാജേന അദ്ധ്യപക നിയമനത്തിനും, സ്ഥലംമാററത്തിനും,വിദ്യാർഥിപ്രവേശനത്തിനും ഭീമമായ സംഖ്യ കോഴ വാങ്ങുന്നു. (മഹത് വ്യക്തികളുടെ നാമധേയത്തിലാണ് പല കോളേജുകളും സ്ഥാപിച്ചിട്ടുള്ളത്. ആ ആത്മാക്കഠം ഇവർക്ക് മാപ്പുനൽകട്ടെ.) യൂണിവേഴ്സിററി–ഗവർമെൻറ് നോമിനികളുമടങ്ങിയ സെലക്ഷൻ കമ്മററിയാണ് അധ്യാപകനിയമനം നടത്തുന്നതെങ്കിലും ഇരുപതിനായിരവും മുപ്പതിനായിരവും രൂപകിടിയായി വാങ്ങുന്നു. (ഈ അടുത്ത കാലത്ത്, ബഹു. കേരളഹൈക്കോടതി എസ്. എൻ. ട്രസ്ററിനോട് അദ്ധ്യാപകനിയമത്തിന് കോഴ വാങ്ങരുതെന്ന് നിർദ്ദേശിച്ചു.) യൂണിവേഴ്സിററികളുടെ വ്യക്തമായ നിർ

ദേശങ്ങളുണ്ടായിരുന്നിട്ടും വിദ്യാർഥികളുടെ പ്രവേശനത്തിന് ആയിരവും രണ്ടായിരവും കോഴവാങ്ങുന്നതിന് എന്ത് നീതികരണമാണുള്ളത്.? ഈ മാനേജുമെൻറുകളുടെ കീഴിലുള്ള കോളേജുകളിൽ മെരിററ് ലിസ്റ്റിൽ നടക്കുന്ന തിരിമറികൾ ആർക്കാണ് അറിയാൻ പാടില്ലാത്തത്? സാമ്പത്തിക സംവരണത്തിനുവേണ്ടി മുറവിളി കൂട്ടുന്ന എൻ. എസ്. എസ്. മാനേജ്മെൻറ് വിദ്യാർഥിപ്രവേശനത്തിൽ തങ്ങൾക്കു ലഭിക്കുന്ന വിഹിതംപോലും സാമ്പത്തികാടിസ്ഥാനത്തിലോ യോഗ്യതയുടെ അടിസ്ഥാനത്തിലോ അല്ല വിതരണം ചെയ്യുന്നത്. ഗവൺമെൻറിൽനിന്ന് ഗ്രാൻറായും മററുതരത്തിലും ഭീമമായ തുകകൾ കിട്ടിയിട്ടും ഈ വിദ്യാലയങ്ങളിലെ ലൈബ്രറികളിൽ വേണ്ടുന്ന ഗ്രന്ഥങ്ങളോ ലബോറട്ടറികളിൽ വേണ്ടുന്ന ഉപകരണങ്ങളോ കായികവിനോദത്തിനോ വേണ്ട സൗകര്യങ്ങളോ, ഇല്ലെന്നത് ഒരു ദുഃഖസത്യമാണ്. (ഇന്ത്യയിലെ കോളേജുകളിൽ ഇരുപതുശതമാനവും സൗകര്യങ്ങളില്ലാത്തതും അഴിമതി നടക്കുന്നതുമായ സിക് (രോഗം ബാധിച്ച) കോളേജുകളാണെന്ന് യു. ജി. സി യുടെ റിപ്പോർട്ടിൽ കാണുന്നു. എന്നാൽ കേരളത്തിൽ ഇവയുടെ നിരക്ക് അറുപതുശതമാനത്തിൽ കൂടുതലാണ്.) വിദ്യാർഥികൾക്കാവശ്യമായ ഹോസ്ററൽ സൗകര്യങ്ങളും പഠന–കായിക പരിശീലന സൗകര്യങ്ങളും ഉണ്ടാക്കാൻ പ്രോൽസാഹജനകമായ സാമ്പത്തികസഹായം യു. ജി. സി യിൽ നിന്ന് ലഭിക്കുമായിരുന്നിട്ടും മാനേജുമെൻറുകളുടെ അനാസ്ഥമൂലം വർഷങ്ങളായി അതെല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പല കോളേജുകളുടേയും വളർച്ച മുരടിച്ചിരിക്കുകയാണ്. (ഉള്ള കോളേജുകൾ നന്നായി നടത്തുന്നതിനോ അവയുടെ വികസനത്തിനോ ശ്രമിക്കാതെ മാനേജ്മെൻറുകൾ പുതിയകോളേജുകൾ കിട്ടുന്നതിനുവേണ്ടി വ്യഗ്രതകാട്ടുന്നത് എന്ത് വിരോധാഭാസമാണ്?)

## സ്ഥലം മാററം എന്ന ക്രൂരവിനോദം

അദ്ധ്യാപകരെ കൂടെ കൂടെ സ്ഥലം മാററി ശിക്ഷിക്കുക എന്നത് എസ്. എൻ. എൻ. എസ്. എസ്. കോളേജുകളിൽ ഒരു നിത്യസംഭവമാണ്. നിശ്ചിത നിയമങ്ങളോ, അംഗികൃതതത്വങ്ങളോ സ്ഥലം മാററകാര്യത്തിൽ പാലിക്കാറില്ല എന്നു മാത്രമല്ല വൻതോതിൽ അഴിമതിയും സ്വജനപക്ഷപാതവും നടമാടുന്നുമുണ്ട്. മാനേജ്മെൻറ് സമയാസമയങ്ങളിൽ ചോദിക്കുന്ന പണം കൊടുക്കാത്തതിൻെറ പേരിലും അവർ ഉണ്ടാക്കിയിട്ടുള്ള അദ്ധ്യാപക സംഘടനയിൽ ചേരാത്തതിൻെറ പേരിലും ദിവസം തോറും സ്ഥലം മാററം നടക്കുന്നുണ്ട് (എൻ. എസ്. എസ്. മാനേജ്മെൻറ് ഈ വർഷം 20 പൊതുസ്ഥലം മാററ ലിസ്ററുകളിറക്കി. ഒരാഴ്ചയിൽ തന്നെ രണ്ടും മൂന്നും സ്ഥലം മാററലിസ്ററുകൾ വരും) സൗകര്യപ്പെടുത്തുന്നതിനുപകരം ദ്രോഹിക്കുന്നതിനു വേണ്ടിയുള്ളതാണ് ഭൂരിപക്ഷം സ്ഥലം മാററങ്ങളും എന്നതാണ് ഇവയിലെ പ്രത്യേകത. രാഷ്ട്രീയപക പോക്കലായും അദ്ധ്യാപകരെ മാററുന്നു. അവകാശങ്ങൾക്കും സാമൂഹ്യനീതിക്കും വേണ്ടി പോരാടിക്കൊണ്ടിരിക്കുന്ന സംഘടനാപ്രവർത്തകരെ തെരഞ്ഞു പിടിച്ച് സ്ഥലം മാററുക എന്നതും ഈ മാനേജ്മെൻറുകൾ ഒരു പതിവാക്കിയിരിക്കുകയാണ്. കോളേജുമായി യാതൊരു ബന്ധവുമില്ലാത്ത ഏജൻസികളും വ്യക്തികളും ചില ''മുതലാളി''മാരും അദ്ധ്യാപകരുടെ സ്ഥലം മാററങ്ങളിൽ ഇടപെടുന്നുണ്ട്. രാജാവിനെക്കാൾ രാജഭക്തി കാട്ടുന്ന ചില പ്രിൻസിപ്പലന്മാരുടെ വ്യാജ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും സ്ഥലം മാററപ്പെടുന്നു. ഗവൺമെൻറും സർവകലാശാലകളും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന കല്പനകളെ അവഗണിച്ചു കൊണ്ട് ഈ മാനേജ്മെൻറുകൾ സ്ഥലം മാററം നടത്തുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പുറമെ, ശമ്പളവും നിഷേധിക്കപ്പെടുന്നു എന്ന ദുഃസ്ഥിതി തികഞ്ഞ ലാഘവത്തോടെയാണ് മാനേജ്മെൻറുകൾ കാണുന്നത് എന്നത് വളരെ ക്രൂരമായിരിക്കുന്നു. (പലപ്പോഴും വേക്കൻസി ഇല്ലാത്ത പോസ്ററുകളിലേക്കാണ് സ്ഥലം മാററുന്നത്. ഒരു പോസ്ററിലേക്ക് രണ്ടുപേരെ വയ്ക്കുക. പുതുതായി ഉണ്ടായ, അംഗീകാരം വേണ്ട, പോസ്ററിലേക്ക് വളരെ

സീനിയറായ ആളെ വയ്ക്കുക. ഹിസ്റ്ററി അദ്ധ്യാപകൻെറ പോസ്റ്റിലേക്ക് എക്കണോമിക്സ് അദ്ധ്യാപകനെ മാററുക ഇങ്ങനെയുള്ള ലക്കുംലഗാനുമില്ലാത്ത സ്ഥലം മാററങ്ങൾ മൂലം ശമ്പളം നിഷേധിച്ചുള്ള പത്തും ഇരുപതും വർഷത്തെ സർവീസുള്ള നൂറോളം അദ്ധ്യാപകരുണ്ട്. ഗവൺമെൻറിനും യൂണിവേഴ്സിററികൾക്കും ഇത് ഒരു വലിയ തലവേദനയാണ്. ഈ ഓഫീസുകളിലെ ജോലിയും അനാവശ്യമായി വർദ്ധിക്കുന്നുണ്ട്.) പത്തും ഇരുപതും വർഷം തങ്ങൾക്ക് അസൗകര്യമായ സ്ഥലങ്ങളിൽ പണിയെടുത്ത് തങ്ങളുടെ നല്ല ആയുസ് മുഴുവൻ അവിടെ ചെലവഴിച്ചിട്ടുള്ളവർക്ക് തങ്ങൾ ആവശ്യപ്പെടുന്ന ദിക്കിലേക്ക് സ്ഥലം മാററം നൽകുന്നില്ല (ഇത്തരം ദൗർഭാഗ്യവാന്മാർ അങ്ങനെയുള്ളിടത്ത് സ്ഥിരതാമസമാക്കാമെന്നു വെച്ചാൽ പിറേറ ദിവസം തന്നെ അവരെ അവിടെനിന്നും അതിലും അസൗകര്യമായ സ്ഥലത്തേക്ക് മാററുന്നു.) ദമ്പതികളായ അധ്യാപികാദ്ധ്യാപകൻമാർക്ക് ഒരേ കോളേജിൽ തന്നെ ജോലി നോക്കാനുള്ള അവസരം നൽകുക. അനാരോഗ്യം ബാധിച്ചവർക്ക് സൗകര്യമായ സ്ഥലത്തേക്ക് മാററം നൽകുക എന്നീ മനുഷ്യത്വപരമായ പരിഗണനകൾപോലും നൽകാറില്ല. യൂണിവേഴ്സിററി സമിതികളിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും അംഗങ്ങളായിട്ടുള്ള അദ്ധ്യാപകർക്ക് സൗകര്യപ്രദമായി സ്ഥലം മാററം നൽകണമെന്ന ചട്ടം എൻ എസ്. എസ്, എസ്. എൻ. മാനേജ്മെൻറുകൾ പാലിക്കാറില്ല ഒരു വർഷം തന്നെ മൂന്നും നാലും തവണ സ്ഥലം മാററങ്ങൾക്ക് വിധേയരാകുന്നവരും തങ്ങളുടെ മൊത്തം സർവ്വീസിനിടക്ക് പത്തും ഇരുപതും തവണ മാററപെടുന്നവരും നിരവധിയാണ്. (തൻമൂലം ഇവർക്ക് കിട്ടേണ്ട ശമ്പള ബാക്കി, പ്രോവിഡൻറ് ഫണ്ട്. പെൻഷൻ മുതലായ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു.)

വിദ്യാർത്ഥികളുടെ അദ്ധ്യയനത്തെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം ഈ സ്ഥലം മാററങ്ങൾ അധ്യാപകരുടെ ജീവിതഭദ്രതയേയും കാര്യക്ഷമതയേയും തകരാറിലാക്കുന്നു. ഒരു പ്രദേശത്ത് ആവശ്യം വേണ്ടുന്ന ജീവിത സൗകര്യങ്ങളൊരുക്കി ഏതാണ്ട് ഭദ്രമായ അന്തരീക്ഷത്തിൽ ജീവിതമാരംഭിക്കുന്ന ഒരു ജീവനക്കാരനെ ന്യായമായ ഒരു കാരണവുമില്ലാതെ ദൂരദിക്കിലേക്ക് സ്ഥലം മാററുമ്പോൾ പെട്ടെന്നുള്ള ഈ സ്ഥാനഭ്രംശം അയാളുടെ വ്യക്തിജീവിതത്തിലേൽപ്പിക്കുന്ന ആഘാതം ആർക്കും ഊഹിക്കാവുന്നതേയുള്ളൂ. (ഈ അടുത്തകാലത്ത് ചങ്ങനാശ്ശേരിയിൽ നിന്നും ഉത്തർപ്രദേശിലേക്ക് സ്ഥലം മാററപ്പെട്ട ഒരു ബാങ്കു ജീവനക്കാരൻ തൻെറ സ്ഥലം മാററ യാത്രയയപ്പിന് ഏതാനു മണിക്കൂർ മുൻപ് ഹൃദ്രോഗം ബാധിച്ച് പിടഞ്ഞ് മരിച്ചു. മററൊരു ജീവനക്കാരൻ, കൊച്ചിയിൽ സ്ഥലം മാററം മൂലമുണ്ടായ ആഘാതം സഹിക്കാതെ ആത്മഹത്യ ചെയ്തു. ഇവ സംബന്ധിച്ച വാർത്തകൾ പത്രങ്ങളിൽ വന്നതാണ് ) അദ്ധ്യയനവർഷത്തിൻെറ മദ്ധ്യത്തിൽ സ്ഥലം മാററപ്പെടുന്ന ഒരദ്ധ്യാപകന് പൂർണ്ണമായും അയാളുടെ ജോലിയോട് നീതിപുലർത്താൻ സാദ്ധ്യമല്ല. പുതിയ പരിതസ്ഥിതികളുമായി ഇണങ്ങിച്ചേരാനും, സ്വന്തം ചുമതല വേണ്ടുംവിധം ചെയ്തു തീർക്കുന്നതിനും അയാൾക്ക് സാവകാശം കിട്ടുന്നില്ല എന്നതാണ് ഇതിനു കാരണം. വിദ്യാർത്ഥികൾക്കും പുതിയ അദ്ധ്യാപകൻെറ പാഠ്യരീതിയുമായി ഇണങ്ങിച്ചേരാൻ സമയം വേണം. (വിദ്യാഭ്യാസം കച്ചവടമാക്കിയിരിക്കുന്നവരുടെ ഇടയ്ക്ക് മനശാസ്ത്രപരമായ ഈ വസ്തുതയ്ക്ക് എന്തു പ്രസക്തി?) ഈ സ്ഥലം മാററങ്ങൾ വേണ്ടുംവിധം നിയന്ത്രിക്കാൻ കഴിഞ്ഞാൽ നമ്മുടെ കലാലയങ്ങളിലെ അദ്ധ്യാപന നിലവാരം പതിമടങ്ങ് വർദ്ധിക്കുമെന്ന് മാത്രമല്ല അദ്ധ്യാപകർക്ക് വിദ്യാർത്ഥികളുടെ സർഗചേതനകൾ വികസിപ്പിച്ചെടുക്കുന്നതിനും ആ പ്രദേശത്തെ ജനങ്ങളുടെ സാമൂഹ്യ പുരോഗതിയിൽ തങ്ങളുടെ പങ്ക് വഹിക്കുന്നതിനും അവസരം ലഭിക്കും.

## സ്ഥലം മാററങ്ങൾക്ക് പൊതു തത്വങ്ങൾ ആവിഷ്ക്കരിക്കാൻ വേണ്ടിയുള്ള പ്രക്ഷോഭം

ഈ സാഹചര്യത്തിൽ സഹികെട്ട്. സ്ഥലം മാററങ്ങൾക്ക് പൊതുതത്വങ്ങൾ ആവിഷ്ക

(ശേഷം 21-ാം പേജിൽ)

## Minutes of the discussion held by Minister (Education) at 12.00 noon on 5-9-'81 in his Office in the Government Secretariat with representatives of Private College Managements and Teachers Organisations.

The Vice-Chancellor, University of Calicut, Spl. Secretary Higher Education, the Director of Collegiate Education, the Registrar, University of Kerala and the representatives of Corporate Managements and Private College Teachers Organisations, whose names are given in the appendix, attended the discussion.

The Minister (Education) recalled the assurance given by Government that discussions would be held with the representatives of Private College Teachers Organisations and Corporate managements to evolve certain norms for transfers in corperate managements. The representatives of private college teachers pointed out that both the University of Kerala and the University of Calicut have evolved identical norms, guidelines for transfer of College Teachers in corporate managements, but in actual practice, these norms were very often violated causing un-necessary hardship to the teachers. They stated that most of the norms are qualified by the expression "as far as possible" and this expression has become a convenient cover for the managements to order transfers as they pleased.

The representatives of N S S Management and S N. Management stated that in certain cases transfers would have to be made against the wishes of individuals for the administrative conveniences.

Minister (Education) pointed out that identical norms existed in both the Universities regarding transfer of private college teachers and that the problem would be solved if the norms are followed in the spirit in which they were evolved. If, however, the norms are not properly followed, Government would seriously consider bringing into effect Section 64 of the University Acts.

After detailed discussion, it was decided that a separate meeting would be held with the NSS Management and the teachers Organisations having representation in those Colleges to sort out the problems relating to transfers. A similar meeting will be held with the S. N. management and the teachers Organisations thereafter.

---

9-ാം പേജിന്റെ തുടർച്ച

റും നടക്കുന്ന അനീതികൾ കണ്ടില്ലെന്ന് നടിക്കുന്നതു കൊണ്ടാണ് അവ പെരുകുന്നതെന്ന് ഉത്ഘാടകൻ അഭിപ്രായപ്പെട്ടു. അനീതികളെ നിർഭയമായി ചെറുത്തുനിൽക്കാനുള്ള കഴിവ് ഓരോ അധ്യാപകനും ഉണ്ടാകേണ്ടതാണ്. അതുവഴി സമൂഹത്തിന് മാർഗ്ഗദർശിയായിത്തീരുകയും വേണം.

പ്രവർത്തക ക്യാമ്പിന് എല്ലാ വിജയങ്ങളും ആശംസിച്ചുകൊണ്ട് പ്രൊഫ. ഐ. ജി. ബി, പ്രൊഫ. വി. നാരായണൻ കുട്ടി, പ്രൊഫ.. ചിണ്ടൻകുട്ടി തുടങ്ങിയവർ സംസാരിച്ചു.

ക്ലാസ്സ് മുറികളിൽ അധ്യാപകൻ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഫാദർ. ജോസ് മക്കാട്ടിന്റെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ എല്ലാ അംഗങ്ങളും സജീവമായി പങ്കുകൊണ്ടു. എ. കെ. പി സി. ടി. എ. യുടെ വളർച്ചയെക്കുറിച്ച് ജനറൽ സെക്രട്ടറി പ്രൊഫ. എൻ. എം. ജോസഫ് ക്യാമ്പംഗങ്ങൾക്ക് വിശദീകരിച്ചു കൊടുത്തു. കോഴിക്കോട് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പർ പ്രൊഫ. വി. നാരായണൻകുട്ടി, അവകാശ സമരങ്ങളിലൂടെ മാത്രമേ അധ്യാപകന് ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻ കഴിയൂ എന്ന് വ്യക്തമാക്കി.

ജില്ലാസെക്രട്ടറി ചന്ദ്രമോഹനൻ സ്വാഗതവും പി. ജി. കെ. തമ്പി കൃതജ്ഞതയും രേഖപ്പെടുത്തി. എല്ലാ ജില്ലകളിലും ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് അധ്യാപകർക്ക് ഏറെ പ്രയോജനകരമായിരിയ്ക്കുമെന്ന അഭിപ്രായമാണ് ക്യാമ്പിൽ പങ്കെടുത്ത എല്ലാവർക്കുമുണ്ടായത്. □

(11-ാം പേജിന്റെ തുടർച്ച)

ഉപവാസ സത്യാഗ്രഹം രണ്ടു സ്ഥലങ്ങളിലും രാവിലെ കൃത്യം 10മണിക്ക് ആരംഭിക്കുന്നതും വൈകുന്നേരം 5-മണിവരെ തുടരുന്നതുമാണ്.

അനാവശ്യമായ സ്ഥലംമാററങ്ങൾ നടത്തി മുമ്പ് നമ്മെ ദ്രോഹിക്കാതിരുന്ന ദേവസ്വം ബോർഡുപോലുള്ള ചില മാനേജുമെൻറുകളും ഇപ്പോൾ ഈ ദ്രോഹനടപടി ഒരു ക്രൂര വിനോദമെന്ന നിലയിൽ ആരംഭിച്ചിട്ടുണ്ട്. ഇത് മുളയിലേ അവസാനിപ്പിക്കണമെന്ന് ഈ മാനേജുമെൻറുകളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

പല പ്രതിലോമ ശക്തികളും സംഘടനയ്ക്ക് എതിരായി എല്ലാത്തരം സമ്മർദ്ദങ്ങളും എടുത്തുപയോഗിച്ചിട്ടും ഈ വർഷം മെമ്പർഷിപ്പ് കാര്യമായി വർദ്ധിച്ചിട്ടുണ്ടെന്ന് അറിയിക്കുവാൻ അതിയായ സന്തോഷമുണ്ട്. അംഗത്വഫീസ് അടയ്ക്കേണ്ട അവസാന തീയതി ജനുവരി 15 വരെ നീട്ടിയിട്ടുള്ളതുകൊണ്ട് ഇനിയും പുതിയ അംഗങ്ങളെ ചേർക്കുവാൻ യൂണിററ് സെക്രട്ടറിമാർ ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു.

ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ ജനറൽ സെക്രട്ടറി പ്രവർത്തകസമിതിയിലും സംസ്ഥാന കൗൺസിലിലും വിശദമാക്കി. പൂർണ്ണവിവരങ്ങൾ ലഭിച്ചിട്ടുള്ള എല്ലാ അംഗങ്ങളുടെയും സർട്ടിഫിക്കേററുകൾ തയ്യാറായിട്ടുണ്ട്. അവ ഉടനെ അയച്ചുതുടങ്ങുന്നതാണ്. തവണകൾ പൂർത്തിയാക്കാത്തവർ ഉടൻ പൂർത്തിയാക്കുകയും സ്ഥിരവിലാസം നൽകാത്തവർ നൽകുകയും ചെയ്താൽ അവരുടെയും സർട്ടിഫിക്കേററുകൾ ഉടനെ തയ്യാറാക്കി അയച്ചുതരുന്നതാണ്.

സംഘടനയ്ക്ക് ഒരു മഹിളാ വിഭാഗം സംഘടിപ്പിക്കുന്നതിനെപ്പററി ആലോചിക്കുന്നതിനുവേണ്ടി ഫെബ്രുവരി 7-ന് എറണാകുളത്തുവച്ച് വനിതാ പ്രവർത്തകരുടെ ഒരു കൺവൻഷൻ ചേരുന്നതാണ്. (സ്ഥലവും സമയവും യൂണിററ് സെക്രട്ടറിമാരെ കത്തുവഴി അറിയിക്കുന്നതാണ്.) ഈ കൺവൻഷനിൽ കഴിയുന്നത്ര വനിതകളെ പങ്കെടുപ്പിക്കുവാൻ ജില്ലാ യൂണിററ് സെക്രട്ടറിമാർ പ്രത്യേകം ശ്രമിക്കേണ്ടതാണ്.

ഇനിയും ജർണലിന് വരിക്കാരില്ലാത്ത ചില യൂണിററുകളുണ്ട്. പ്രസ്തുത യൂണിററുകളിൽ വരിക്കാരെ ചേർക്കുന്ന കാര്യത്തിൽ അതാത് യൂണിററ് സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് താൽപര്യപ്പെടുന്നു.

പരീക്ഷാ സംബന്ധമായ ക്രമക്കേടുകളെകുറിച്ച് അടുത്ത പ്രവർത്തകസമിതി യോഗം വിശദമായി ചർച്ചചെയ്യണമെന്നും അതിനുശേഷം സംസ്ഥാനാടിസ്ഥാനത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്.

പരീക്ഷാസംബന്ധമായ ക്രമക്കേടുകൾ സംബന്ധിച്ച് വിശദമായി ചർച്ചചെയ്തു. അദ്ധ്യാപകരുൾപ്പെടെ പരീക്ഷാക്രമക്കേടുകൾ കാട്ടുന്നവർക്കെതിരായി ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് യോഗം ഗവ: നോടും സർവ്വകലാശാലാധികൃതരോടും അഭ്യർത്ഥിച്ചു. യൂണിവേഴ്സിററിയുടെ ഉന്നത തലങ്ങളിലുള്ളവരുൾപ്പെടെ പരീക്ഷാസംബന്ധമായ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർ യാതൊരു കാരണവശാലും രക്ഷപെടുവാൻ ഇടയാകരുതെന്നും കുററക്കാർ ആരായാലും അവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും നമ്മുടെ പരീക്ഷാ സമ്പ്രദായങ്ങളിൽ വിദ്യാർത്ഥികൾക്കും സമൂഹത്തിനും വിശ്വാസം വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ ഉടനടി കൈക്കൊള്ളണമെന്നും ആവശ്യപ്പെടുന്നു.

കൊല്ലം, കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിൽ ശമ്പളബില്ലുകൾ, കുടിശ്ശിക ബില്ലുകൾ മുതലായവ പാസാക്കുന്നതിലും മററും ഉണ്ടാകുന്ന കുററകരമായ കാലതാമസം ഉടനടി പരിഹരിക്കണമെന്ന് ബന്ധപ്പെട്ടവരോട് ഒരു പ്രമേയം വഴി സംസ്ഥാന കൗൺസിൽ ആവശ്യപ്പെട്ടു.

അഫിലിയേററഡ് കോളേജുകളിൽ കായിക വിദ്യാഭ്യാസത്തിന് കോഴ്സുകൾ അനുവദിക്കണമെന്ന് യോഗം യൂണിവേഴ്സിററി അധികൃതരോട് അഭ്യർത്ഥിച്ചു.

ജനുവരി 19-ന് ദേശവ്യാപകമായി തൊഴിലാളിവർഗ്ഗം, അവരുടെ ജനാധിപത്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നടത്തുന്ന പൊതു പണിമുടക്കിന് എ. കെ. പി. സി. ടി. എ. പിന്തുണ പ്രഖ്യാപിച്ചു.

അഭിവാദനങ്ങളോടെ!

പ്രൊഫ: എൻ. എം. ജോസഫ്
ജനറൽ സെക്രട്ടറി.

## International News

**Jamaica**

National Union of Democratic Teachers' (NUDT) held its 3rd Congress on Nov. 14, 1981 at Kinston, Jamaica NUDT declared the following theme for its Third Congress, "School in this service of the people for an economy directed towards national development and this satisfaction of the requirements of the workers." AIFUCTO sent a message of solidarity to this Congress.

**FISE appeals for stop to Arms race**

On 14th Oct., 1981 Fise held an International Press Conference in Berlin. Fise advocated a stop to the Arms race and nuclear escalation and demanded complete prohibition of nuclear weapons throughout the world. FISE appealed to teachers and scientific workers throughout the world to take appropriate action to guarantee a peaceful and secure future for all children of the world.

**Uruguay**

Federation of Teachers of Uruguay appealed to teachers, organisations of the world to express solidarity for the liberation of the teachers and other workers still in prison. Hundreds of teachers have been detained in the prisons by the Dictatorship.

**WCOTP**

Death of Secretary-General of World Confederations of Organisations in Teaching Professions (WCOTP).

Mr John M Thompson, Secretary-General of WCOTP died in a car accident near Budapest, Hungary. AIFUCTO sends condolence to his family and other leaders of WCOTP.

## National News

**Andhra Pradesh**

Federation of A. P. College Teachers' Associations (FAPCTA) held its General Council meeting at Govt. College Khamman on 8-11-81. It was attended by the General Secretary AIFUCTO. The meeting demanded automatic promotion of College Lecturers to Rs. 1200—1900 U. G. C. scales after conclusion of five years' service. Alternatively it demanded for all college teachers service-benefit, increments and placement in the U. G. C. scales of pay. The Council further decided to participate in full in the all India movement at the call of AIFUCTO. ACTA (Andhra) paid its full quota of AIFUCTO Campaign Fund Rs. 2250 to the General Secretary during the Council meeting.

Central Institute of English and Foreign Languages (CIEFL) Teachers' Association Hyderabad has been affiliated to AIFUCTO.

A. P. Government has ordered that D. A. to the extent of 27% of pay subject to minimum of Rs. 108/- and maximum Rs. 243/-shall be treated as 'Dearness Pay' for the purpose of pensionary benefit.

**Orissa**

All Orissa Federation of Teachers, Organisations held its statutory conference at Barabati stadium, Cuttack on 5-7 sept. '81. It was attended among others by Mr. Rudolph Tagtmeyer, Secretary, FISE and Prof. Mrinmoy Bhattacharyya, General Secretary AIFUCTO. A seminar was held on this occasion on vocationalisation of Education.

An AIFUCTO delegation including the General Secretary and Treasurer of AIFUCTO and Prof B. Baskara Rao Secretary ACTA (Andhra) visited Bhubaneswar to meet the State Education Minister. Although the minister had given an appointment in writing on the day, neither was he present nor did he leave any message of his inability to receive the deputation. The outstation deputationists however had a meaningful meeting with the executive committee members of AONGCTA.

AONGCTA has started publishing a journal of its own and has also started forming district committees. On 27.9.81 Christ College Cuttack and Udala College Mayurbhanj paid their AIFUCTO Campain Fund to the General Secretary.

**Tamilnadu**

Madurai Kamraj University Teachers' Association held its conference at Tirnaherdus on 9.8.81. It was attended by Prof. P. S. Madan Secretary AIFUCTO.

Association of University Teachers (Tamilnadu) held its annual conference on 20. 9. 81. Mrs. Minnie George and Prof. T. Sashisekaran have been elected the President and the General Secretary respectively.

During July 81 General Secretary AIFUCTO visited Madras, Trichy and Coimbatore. He participated in a dharna in front of St. Josseph's College, Trichy against the management, addressed a meeting of teachers at Regard Engineering college Trinchy, took part in a demonstration outside Dy Director of Higher Education at Coimbatore and also addressed a meeting of local College and University Teachers. TGCTA has launched a movement on the basis of its four point Charter of demands especially concerning the Physical Directors, Librarains, Graduate tutors of Demonstrators and 10- A teachers.

**Haryana**

Haryana College Teachers' Union held its Conference on 19–20 Sept, 1981. It was attended by Prof. H. S. Mehta, Secretary AIFUCTO. Prof. Suhas Sharma, North Zone Secretary of AIFUCTO has been re-elected General Secretary of HCTU. Prof. K.S. Rathi also has been re-elected the president of HCTU. A seminar on abolition of private management from the field of higher education was organised during this conference.

**Himachal Govt. College Teachers' Association.**

HGCTA held its Conference at Govt. College for Women Rhotak on 30.8.81

**Gujarat**

Teachers of Gujarat under the leadership of Gujarat States Federation of college and University Teachers' Organisation had been pressing the State Govt. for a long time for direct payment of salary. They have gained this demand since Sept. 1981.

**Assam**

ACTA held its conference at B H College Hawli on 28th sept. '81.

**Bihar**

Bihar Inter–University Board Ordinance has prescribed that a Lecturer, serving in a University department or a degree College shall on the recommendation of the University Selection Committee be promoted to the post of Reader (1) if he holds a doctorate degree after completion of 13 years of service and (2) if he does not hold a doctorate degree after 18 years of service.

**Maharastra**

The Maharastra Federation of University and College Teacher's Organisatons has called on all teachers of the State to partcipate in the all India movement for the AIFUCTO Charter of Demands and simultaneously the MFUCTO calls on the teachers to be prepared for a movement for the demands which are within the Govenment of Maharastra to concede. ○

GOVERNMENT OF KERALA

Abstract

Suggestions made by the Third Kerala Pay Commission on retirement benefits and other allied matters–Extension to private college/Polytechnic employees-Orders Issued.

---

HIGHER EDUCATION (J) DEPARTMENT

G.O. (MS) No. 192/81/H. Edn. Trivandrum, Dated: 11-11-1981

---

Read: 1. G.O. (P)456/79(41) Fin dated 5–5-1979.

2. Lettet No. PF. B1-28950/79 dated 15-6–1979 from the Director of Collegiate Education.

3. Letter No. Acad. L/1609/80 dated 1–7–1980 from the Registrar, University of Kerala.

ORDER

In the G. O. read as first paper above it was ordered that the question of extending the benefits contemplated therein would be examined by the concerned Departments and orders issued separately. Accordingly, Government have examined the question in consultation with the Director of Collegiate Education and are pleased to issue the following orders in the matter.

There are three categories of pensioners in private college / Polytechnics section:–

1. Those who retired prior to 1-4–1976 and who are governed by the provisions contained in G. O. (P) 93/76/ H Edn. dated 26–6-1976.

2. Those who retired on or affter 1–4-1976 and who are governed by the provisions contained in Chapter II of the pension Statutes.

3. Those who retired after 1-4-1976 and who are governed by the provisions contained in Chapter III of the pension Statutes.

The First category of pensioners coming under the purview of para 2 (a) and (d) of G. O. (P) 93/76H. Edn. dated 26-6-1976 / are granted pensionary

benefits at the rates contemplated in Chapter III of the pension Statutes: The relief to pensioners who retired prior to 1-7-1978 and D. A. to pensioners contemplated in the G. O. dated 5-5-1979 will be extended to the above categories of pensioners.

The pensioners coming under para 2 (b) of the G. O dated 26-6-1976 are governed by the pension scheme contained in Chapter II of the pension Statues. The relief to pensioners who retired prior to 1-7-1978, D. A. to pensioners and enhancement of minimum pension contemplated in the G. O, dated 5-5-1979 will be applicable to this category of pensioners also

Those coming under para 2 (f) of the G O. dated 26-6-1976 will be eligible for minimum pension inclusive of D. A. as contemplated in the G. O. dated 5-5-1979

The second category of pensioners are governed by the provisions contained in Chapter II of the pension statutes. The benefits contemplated in the G. O. dated 5-5-1979 will be extended to this category of pensioners also. As part III of K. S. R. is applicable to the above category of pensioners no amendment to the pension statute is necessary since it is stated in the G. O. dated 5-5-1979 that necessary amendment to rules in K. S. R, will be issued incorporating the benefits contemplated in the G. O. dated 5–5–1979

The last category of pensioners are governed by the provisions of Chapter III of the pension Statutes. According to the provisions contained in Statute 19 pension for each completed year of service shall be calculated at 1/120th of the average emoluments subject to a maximum of 30/120th of the average emlouments and according to explanations 2 and 3 of the above statutes average emolumnts shall be calculated on the basis of emoluments drawn during the last 12 months immediately preceding the date on which the employee completes 55 years of age. In as much as service put in by these employees beyond theage of 55 is not reckoned as qualifying service for purpose of pension. the concessions extended to employees who are to retire at the age of 55 with regard to the maximum qualifying service reckoned for pension and calculation af average emoluments will be extened to this category of employees also. In such cases the pension will be calculated at 1/120th of the average emoluments subject to a maximum of 33/120 of average emoluments. The average emoluments will be calculated on the basis of the emoluments drawn during the last 10 months immediately preceding the date on which the employee completes 55 years of age. Necessary amendment to the statutes in this respect will be issued shortly.

By Order of the Governor,
U. Peer Mohamed Rowther,
Under Secretary.

To

The Director of Collegiate Education, Trivandrum.

Sd/-section Officer.

14-ാം പേജിൻെറ തുടർച്ച

രിക്കണമെന്നും മാനേജ്മെൻറുകൾ അദ്ധ്യാപകദ്രോഹനയവും അഴിമതിയും അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് എൻ. എസ്. എസ്, എസ്. എൻ. മാനേജ്മെൻറുകളുടെ കീഴിലുള്ള അദ്ധ്യാപകർ എ. കെ. പി. സി. ടി. എ യുടെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു വ്യാഴവട്ടമായി പ്രക്ഷോഭം നടത്തിവരികയാണ്. മാനേജ്മെൻറുകൾക്ക് ഈ ആവശ്യം ഉന്നയിച്ചു കൊണ്ട് നിരവധി തവണ ഭീമഹർജികളും, നിവേദനങ്ങളും സമർപ്പിക്കുകയുണ്ടായി. മാനേജ്മെൻറുകളുടെ പടിക്കൽ ധർണ്ണ നടത്തുകയുണ്ടായി (1977 ൽ എൻ. എസ്. എസ്. ഹെഡ് ഓഫീസ് പടിക്കൽ സമാധാനപരമായി ധർണ്ണ നടത്തിയ അദ്ധ്യാപകർക്ക് നേരിടേണ്ടി വന്നത് പൂരപ്പാട്ടും പാടിവന്ന മാനേജ്മെൻറിൻെറ ഗുണ്ടകളെയാണ്.) അന്നൊക്കെ സ്ഥലം മാററങ്ങൾക്ക് പൊതുതത്വങ്ങൾ ഉണ്ടാക്കാമെന്ന് മാനേജുമെൻറുകൾ ഉറപ്പു നൽകിയെങ്കിലും നാളിതുവരെ അതുണ്ടായിട്ടില്ല. കേരളാ–കാലിക്കററ് യൂണിവേഴ്സിററികൾ സ്ഥലം മാററുന്നതിന് ചില പൊതുതത്വങ്ങൾ ഉണ്ടാക്കിട്ടുണ്ടെങ്കിലും മാനേജ്മെൻറുകൾ ഇവ അനുസരിക്കാൻ കൂട്ടാക്കിയിട്ടില്ല കഴിഞ്ഞ ഫെബ്രുവരിയിൽ നടത്തിയ പണിമുടക്കിൻെറ ഒത്തുതീർപ്പു വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഗവൺമെൻറ് സ്ഥലം മാററങ്ങൾക്ക് പൊതുതത്വമുണ്ടാക്കാനായി മാനേജ്മെൻറുകളുമായി ചർച്ച നടത്തത്തിയെങ്കിലും, മാനേജ്മെൻറുകളുടെ പിടിവാശിമൂലം അതും ഫലവത്തായില്ല. എന്നുമാത്രമല്ല, ഈ സമയത്തൊക്കെ അദ്ധ്യാപകരെ വ്യാപകമായി സ്ഥലം മാററി ദ്രോഹിക്കുകയുമുണ്ടായി.

## യാത്രാബത്ത നിഷേധിക്കുന്നു

സ്ഥലം മാററപ്പെടുന്ന അദ്ധ്യാപകർക്ക് കെ. എസ്. ആർ അനുസരിച്ച് യാത്രാബത്ത നൽകണമെന്ന് വ്യക്തമായ നിയമമുണ്ടായിരിക്കെ സ്ഥലം മാററുന്ന നൂറുകണക്കിന് അദ്ധ്യാപകർക്ക് അതു നൽകാൻ ഈ മാനേജ്മെൻറുകൾ തയ്യാറായിട്ടില്ല. സ്ഥലം മാററാനുള്ള അവകാശം തങ്ങളുടേതും ടി. എ. നൽകാനുള്ള ചുമതല ഗവൺമെൻറിൻേറതെന്നുമുള്ള വളരെ വിരോധാഭാസമായ ഒരു നയമാണ് ഈ മാനേജുമെൻറുകളുടേത്.

## യൂണിവേഴ്സിററി നിയമങ്ങൾ കാററിൽ പറത്തുന്നു.

കോളേജുകളുടെ ഭരണത്തിന് കേരള–കാലിക്കററ് സർവകലാശാല നിയമങ്ങളിലെ 53–ാം വകുപ്പ് അനുശാസിക്കുന്നപ്രകാരം അദ്ധ്യാപകനദ്ധ്യാപകരുടെ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളും ഉൾപ്പെട്ട മാനേജിംഗ് കൗൺസിലുകൾ രൂപീകരിക്കുവാൻ ഈ മാനേജ്മെൻറുകൾ ഇനിയും തയ്യാറായിട്ടില്ല. എന്നത് തികച്ചും ഖേദകരമാണ്. മററു മേഖലകളിലെല്ലാം തൊഴിലെടുക്കുന്നവർക്ക് മാനേജ്മെൻറിൽ മതിയായ പ്രാതിനിധ്യം അനുവദിച്ചിരിക്കുന്ന ഈ കാലത്ത് രാഷ്ട്രത്തിൻെറ ഭാവി കരുപ്പിടിപ്പിക്കുന്ന ഉന്നത വിദ്യാഭ്യാസമണ്ഡലത്തിൽ ഭരണകാര്യങ്ങളിലോ പഠന സംബന്ധമായ വിഷയങ്ങളിലോ അദ്ധ്യാപകർക്ക് അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള അവസരം നിഷേധിച്ചിരിക്കുന്നു. (യൂണിവേഴ്സിററികളും കോളേജുകളും ജനാധിപത്യവൽക്കരിക്കുക എന്ന മുദ്രാവാക്യം എത്രയോ അകലെ) കൂടാതെ, യൂണിവേഴ്സിററി നിയമങ്ങളും കാലാകാലങ്ങളിൽ പുറപ്പെടുവിപ്പിക്കുന്ന നിർദ്ദേശങ്ങളും ഇവർ പാലിക്കാറില്ല. കോഴ്സുകളും കോളേജുകളും തങ്ങൾക്ക് വേണം പക്ഷെ അഫിലിയേഷൻ വ്യവസ്ഥകൾ അനുസരിക്കാൻ തയ്യാറില്ലത്രേ.

## നിർബന്ധ പണപ്പിരിവ്

എന്തെങ്കിലും കാരണം പറഞ്ഞ് കൂടെക്കൂടെ വൻതുകകൾ ജീവനക്കാരിൽ നിന്നും പിരിച്ചെടുക്കുക എന്നത് ഈ മാനേജ്മെൻറുകൾ വളരെക്കാലമായി നടത്തിവരുന്ന ഒരു ക്രൂരവിനോദമാണ്. എന്നാൽ ഇന്നോളം നടത്തിയിട്ടുള്ളപണപ്പിരിവുകളിലെല്ലാം കൂററൻ വെട്ടിപ്പുള്ളതായി പരക്കെ ആക്ഷേപമുണ്ട്. 1971–ൽ വലിയ പ്രതീക്ഷകളുമായി ആരംഭിച്ച മന്നം മെമ്മോറിയൽ ചാരിററബിൾ സൊസൈററിയുടെദുഃരവസ്ഥമാത്രംമതി ഉദാഹരണ

ത്തിന്. ലക്ഷക്കണക്കിന് രൂപയാണ് അദ്ധ്യാപകരിൽ നിന്നും മററും ഇതിനായി പിരിച്ചെടുത്തത്. പക്ഷെ ആ പണം എങ്ങിനെ, എന്തിന് ചെലവാക്കി എന്ന പോലും ഇന്നറിയുവാൻ കഴിയുന്നില്ല. ജൂബിലികളുടെ പേരിൽ പിരിച്ച ഭീമമായ തുകകളും അവയുമായി ബന്ധപ്പെട്ട അഴിമതിയും ആരും മറക്കാൻ കാലമായിട്ടില്ല. 1981 ജനുവരിയിൽ തൃശ്ശൂർ വെച്ച് നടത്തിയ സമസ്തകേരള നായർ മഹാസമ്മേളനത്തിന്റെ പേരിൽ വ്യാപകമായി അദ്ധ്യാപകരിൽനിന്നും പണപ്പിരിവ് നടത്തുകയുണ്ടായി. കൊടുക്കാത്ത അദ്ധ്യാപകരെ തെക്ക് വടക്ക് സ്ഥലംമാററി.

## സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുന്നു.

ഈ അടുത്തകാലത്തായി മാനേജ്മെൻറുകൾ അദ്ധ്യാപകർക്ക് സംഘടനാ സ്വാതന്ത്ര്യം പോലും നിഷേധിച്ചിരിക്കുകയാണ് മാനേജ്മെൻറുകൾ നടത്തുന്ന അനീതി ചൂണ്ടിക്കാട്ടുന്ന അദ്ധ്യാപകരെ കള്ളക്കേസുകളിൽ കുരുക്കുക, അവർക്ക് അനാവശ്യമായി മെമ്മോകൾ നൽകി മനോവീര്യം കെടുത്തുക എന്ന നയ്വും ഈ മാനേജ്മെൻറുകൾ അനുവർത്തിക്കുന്നുണ്ട്. സംഘടയുടെ സെക്രട്ടറി, തന്റെ സംഘടന പാസാക്കിയ പ്രമേയം മാനേജ്മെൻറിലേക്ക് വേണ്ട നടപടികൾക്കായി അയച്ചാൽ അയാളുടെ മേൽ ശിക്ഷണ നടപടികൾ കൈക്കൊള്ളുക എന്നതും ഇതിന്റെ ഭാഗമാണ്, എൻ. എസ്. എസ്. മാനേജ്മെൻറ് സ്വന്തമായി തങ്ങളോട് കുറുള്ള 'ഒരദ്ധ്യാപക' സംഘടനയും ഉണ്ടാക്കിയിട്ടുണ്ട്. (കേരളത്തിലെ മററൊരു മാനേജ്മെൻറും ഇതിന് തുനിഞ്ഞിട്ടില്ല. എന്നാൽ എൻ. എസ്. എസ്. മാനേജിമെൻറ് കാലാകാലങ്ങളിൽ ഓരോ ആവശ്യത്തിനുമായി പല 'അദ്ധ്യപക' സംഘടനകളും ഉണ്ടാക്കി ഇതിനുമുമ്പും ഖ്യാതിനേടിയിട്ടുണ്ട്) അദ്ധ്യാപകർക്ക് സംഘടനാസ്വാതന്ത്ര്യം നിഷേധിക്കുന്നതിനും അവരെ ഭിന്നിപ്പിച്ച് ഭരിക്കുന്നതിനും വേണ്ടി മാത്രമാണിത്. പുതുതായി നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് നിയമന കൽപ്പന ലഭിക്കാൻതന്നെ ഈ സംഘടനയിൽ അംഗത്വം നിർബന്ധമാണത്രെ!

സ്ഥലം മാററങ്ങൾക്ക് പൊതുതത്വം വേണമെന്ന മിതവും ന്യായവുമായ ആവശ്യം മാനേജ്മെൻറുകൾ അംഗീകരിക്കുവാൻ ഇനിയെങ്കിലും തയ്യാറാകണം. അദ്ധ്യാപകരുമായി കൂടിയാലോചിച്ച് എത്രയും പെട്ടെന്ന് പൊതു തത്വങ്ങൾ ആവിഷ്കരിക്കുകയും വേണം. എല്ലാ അദ്ധ്യാപകരേയും ഒരുപോലെ കാണാൻ കഴിയുമെങ്കിൽ (മാനേജ്മെൻറുകളുടെ ശരിക്കുള്ള വിജയം അതിനെ ആശ്രയിച്ചാണിരിക്കുന്നത്) ഇവർ എന്തിനിതിന് മടിക്കണം? മാനോജ്മെൻറുകൾ ഈ പ്രശ്നം രമ്യമായി പരിഹരിക്കുന്നില്ലെങ്കിൽ പണിമുടക്കുൾപ്പെടെയുള്ള സമര മാർഗ്ഗങ്ങൾ സ്വീകരിക്കാൻ അദ്ധ്യാപകർ നിർബന്ധിതരാകും. □

---

## എ. കെ. പി. സി. ടി. ഏ. സ്ഥാനാർത്ഥികൾ വിജയിച്ചു

ധനുവച്ചപുരം വി. ററി. എം. എൻ. എസ്സ്. എസ്സ്. കോളേജ് കൗൺസിലിലേയ്ക്കുള്ള അദ്ധ്യാപക പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും എ. കെ. പി. സി. ററി. എ. പ്രവർത്തകർ വൻ ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടു. സർവശ്രീ ആർ. മോഹന കൈമൾ, എസ്. രാമചന്ദ്രൻനായർ, എം. ആർ. സുരേന്ദ്രനാഥ് എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

കോളേജ് സഹകരണസംഘത്തിന്റെ ഡയറക്ടറർ ബോർഡിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ററി. എ, കെ. പി. സി. എം. എസ്സ്. എഫ് എന്നീ സംഘടനകൾ സംയുക്തമായി അവതരിപ്പിച്ച പാനലിലെ മുഴുവൻ സ്ഥാനാർത്ഥികളും വിജയിച്ചു. സർവശ്രീ. എൻ ജി. കൃഷ്ണപിള്ള, എം. ദിവാകരൻ നായർ, എസ്സ്. കൃഷ്ണൻ നായർ, ററി. ബി. ബാലചന്ദ്രൻ പിള്ള, കാർത്തികേയൻ നായർ, മാധവൻ നായർ എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

*(Contd.) from page 10)*

of its members from among a large section of public including academicians, parents, publicmen, literatuers, journalists, trade unionists and donors, if any, the rest being insiders. Such a body is necessary to exercise social control over the administration of a college. The second body, an executive one, may have primarily the representatives of teachers, students and non-teaching staff, with the principal acting as its co-ordinator and the first among equals.

(6) The university structure, under whose broad frame-work these college bodies will function, also needs to be democratised, if democratisation of college management has to have any real meaning. While the Senate/Court may have nearly 50% representation ftom among publicmen of different categories, the other half of its members should consist of elected representatives of teachers, students and non–teaching employees. The Senate/E. C, of the university should on the other hand have preponderance of ele–cted representatives from among the 'insiders' of the university community, with only a few nominees of the state/public bodies.

(7) The Vice–Chancellor of the university should, in place of the present practice of appointment by the state, be elected by the Senate from among the academic community on the recommendations of the Syndicate.

The democratisation of college administration as spelled out above has to be applied to all institutions including those run by the minorities wherher linguistic or religious. In a country like ours where practically every section could claim to be a minority of one sort or another, the responsibility of general education' should not be left in the hands of some so- called minority leaders if the larger national interests have to prevail. The minorities should, however be encouraged to preserve and promote their cultural, religious and linguistic tradition through the establishment and administration of exclusive institutions ment for such purposes. They will be able to achieve these objectives more effectively if they where not to be burdened with the responsibility of imparting general education.

The house was aware of of the constitutional hurdeles in the bringing about of some of these changes, particularly the, last one involving minorities. It, however, demands of the Government and people at large to bring about such constitutional amendments in the law to enable true democratic manage–ment of colleges to replace the present 'exploitative' one.

The sponsors of the Seminar, therefore, call upon all affiliating units of the AIFUCTO to launch mass movements at their leavels so as to initiate the process of a national movement for conceding of the very urgent demand of college and university teachers in the country. ○

---

## എ. കെ. പി. സി. ടി. എ. യിൽ കൂടുതൽ അംഗങ്ങൾ

നമ്മുടെ സംഘടനയിൽ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ അധ്യാപകർ ഈ വർഷം അംഗങ്ങളായി ചേർന്നു.

## ട്രഷററുടെ മേൽവിലാസം

എ. കെ. പി. സി. ടി. എ ട്രഷറർ പ്രൊഫ. എൻ. ഭാർഗവനെ നങ്ങ്യാർകുളങ്ങര ടി. കെ. എം. എം. കോളേജിലേയ്ക്ക് സ്ഥലം മാററിയിരിക്കുന്നു. അദ്ദേഹത്തിനുള്ള കത്തുകൾ, സരസ്വതി ഭവൻ, മുണ്ടയ്ക്കൽ, കൊല്ലം എന്ന വിലാസത്തിൽ അയയ്ക്കുക.

# kerala private college teacher

*monthly journal of the all kerala private college teachers' association*

*No. 34* *R. No. M-36025/81* *Registered No: KL/TV(N)/237*


## Copy of the Government letter No. 32171/D2/81/H. Edn dated 11-1-1981 from the special Secretary to Government, Trivandrum Cop to the Director of Collegiate Education, Trivandrum

Sub: Grant of Earned leave for attending to invigilation work in connection with University examinations during vacation-clarification.

Ref: Your letter No. GAD.10/E/673 dated 21-7-1981

With reference to the letter cited, I am directed to inform you that Earned leave can be calculated for a complete day in the case of those college Teachers who attend examination duty during part of the day (one session). However, duty attended by a teacher on both the sessions in the same day need be treated as one day's duty for the calculation of Earned leave.

Sd/–

**Endt. on Estt. D3-50763/81. dated 20-11-1981**

Copy communicated to the Principals of all Government and private colleges under the control of this Directorate.

Sd/–
(K. Karunakaran Nayar)
Administrative Officer
For Director of Collegiate Education

---


# കേരള പ്രൈവറ്റ് കോളേജ് ടീച്ചർ

**എല്ലാ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിലും ചെന്നെത്തുന്ന മാസിക**

## advertisement rate

| | | | |
|---|---|---|---|
| Cover Page (Bac ) | — | Rs. | 1000 |
| Front inside Cover | — | Rs. | 600 |
| Back inside Cover | — | Rs. | 600 |
| Full Page | — | Rs. | 400 |
| Half Page | — | Rs. | 200 |

എഴുതുക:

ചീഫ് എഡിറ്റർ
കേരള പ്രൈവറ്റ് കോളേജ് ടീച്ചർ.
വസന്തം,
കേശവദാസപുരം, തിരുവനന്തപുരം-4.



*printed and published by v. narayanan kutty, at chempaka printers, trivandrum-4*
*chief editor: v. n. murali.*